# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

Draft #3 of File 9351/E1/2021/KWA Approved by Managing Director on 02-Aug-2021 05:15 PM - Page 1

## മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:-കേരള ജല അതോറിറ്റി - ജീവനക്കാര്യം - പ്രൊമോഷൻ നൽകുന്നതിന് അർഹത / യോഗ്യത ഉള്ള ജീവനക്കാരുടെ അഭാവമുള്ള പ്രൊമോഷൻ തസ്തികയിലെ ഒഴിവുകൾ റാങ്ക് പട്ടിക നിലവിലുള്ള കേഡറിലേക്ക് താൽക്കാലികമായി തരംതാഴ്ത്തി (de-cadre/downgrade) പി എസ് സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: 9351/E1/2021/കെ ഡബ്ല്യു എ തീയതി, തിരുവനന്തപുരം, 02.08.2021

---

സൂചന:-സർക്കാർ ഉത്തരവ് (കൈ) നം. 13/2021/ഉഭപവ തീയതി 13.02.2021

### ഉത്തരവ്

കേരള പി എസ് സി മുഖേന നിയമനം നടത്തുന്നതിനായി വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അത് പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും വിവിധ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒരു തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുന്നതിന് ഒഴിവുകൾ നിലനിൽക്കുകയും, എന്നാൽ പ്രൊമോഷൻ നൽകുന്നതിന് അർഹത / യോഗ്യത ഉള്ള ജീവനക്കാരുടെ അഭാവം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, പ്രൊമോഷൻ അനുവദിക്കാൻ കഴിയാതെ വരുന്നതിനാൽ ഇത്തരം പ്രൊമോഷൻ പോസ്റ്റുകൾ, പി എസ് സി റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേക്ക് താൽക്കാലികമായി തരം താഴ്ത്തി (ഡി-കേഡർ / ഡൗൺ ഗ്രേഡ്), പി എസ് സി മുഖേന നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം കണക്കാക്കി അത് പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യാൻ സൂചന ഉത്തരവിലെ ഖണ്ഡിക 5(II) പ്രകാരം നിർദ്ദേശിച്ചിരിക്കുകയാണ്.

മേൽ പറഞ്ഞ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയിലെ യു ഡി ക്ലാർക്ക് തസ്തികയിലേക്ക്, പ്രൊമോഷൻ നൽകുന്നതിന് അർഹത / യോഗ്യത ഉള്ള ജീവനക്കാരുടെ അഭാവം മൂലം യു ഡി ക്ലാർക്ക് തസ്തികയിൽ ഒഴിഞ്ഞു കിടക്കുന്ന 92 തസ്തികകൾ പി എസ് സി റാങ്ക് ലിസ്റ്റ് നിലവിലുള്ള എൽ ഡി ക്ലാർക്ക് തസ്തികയിലേക്ക് / കേഡറിലേക്ക് താൽക്കാലികമായി തരം താഴ്ത്തി (ഡി-കേഡർ / ഡൗൺ ഗ്രേഡ്) ഇതിനാൽ

ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രൊമോഷന് അർഹത / യോഗ്യത ഉള്ള ജീവനക്കാർ ലഭ്യമാകുന്ന മുറയ്ക്ക് താൽക്കാലികമായി തരം താഴ്ത്തിയ തസ്തികകൾ (92 എണ്ണം) അപ്ഗ്രേഡ് ചെയ്ത് പ്രൊമോഷൻ അനുവദിക്കേണ്ടതാണ്.

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ചീഫ് എൻജിനീയർ (എച്ച് ആർ ഡി & ജനറൽ)

ഉത്തരവിന്റെ പകർപ്പ്

PA to MD / PA to AM / PA to TM / CA to CE(HRD&GL) / CA to FM&CAO / CA to DCE(GL) / DCE(Vig) / CA to CLO / CA to SR AO / AO (Admn & Est) / SS I / SS II / JS I / JS II / E9 / E10 / File / SF

Draft #3 of File 9351/E1/2021/KWA Approved by Managing Director on 02-Aug-2021 05:15 PM - Page 2

The document is digitally approved. Hence signature is not needed.